പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2505 23.01.2014-ൽ മറുപടിക്ക്

ഗോത്രഗ്രാമങ്ങളിൽ ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ:<br>ശ്രീ.വി.പി.സജീന്ദ്രൻ:<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ.ആർ.സെൽവരാജ് : | | കുമാരി. പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| | ചോദ്യം | | ഉത്തരം |
| (എ) | തെരഞ്ഞെടുത്ത ഗോത്രവർഗ്ഗഗ്രാമങ്ങളിൽ ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് ഹാംലറ്റ് ഡവലപ്മെന്റ് സ്കീം എന്ന പേരിൽ സമഗ്ര വികസനം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു കോടി രൂപയുടെ വികസന പദ്ധതികളാണ് ഓരോ പട്ടികവർഗ്ഗ സങ്കേതത്തിലും നടപ്പിലാക്കുന്നത്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി 20 കോടി രൂപ 2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി)<br><br>(സി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;<br><br>എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ഇത് വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി & സി) | അവികസിതമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പശ്ചാത്തല വികസനത്തിലൂടെ സാമ്പത്തിക വികസനം ലക്ഷ്യമാക്കുകയും പട്ടികവർഗ്ഗക്കാർക്ക് പ്രതീക്ഷയുടെ ദിശാബോധം നൽകുകയും ചെയ്യുന്ന തരത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനാണ് ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി വിഭാവനം ചെയ്യുന്നത്. തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടിവെള്ളം, വൈദ്യുതി, സോളാർലൈറ്റ്, നടപ്പാത, കമ്മ്യൂണിറ്റി സെന്റർ , അംഗൻവാടിയ്ക്ക് പുതിയ കെട്ടിടം, ലിങ്ക്റോഡ് എന്നീ പശ്ചാത്തല സൗകര്യങ്ങളാണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി രൂപീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | എം.പി/എം.എൽ.എ, ജില്ലാതല ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾ എന്നിവർ അതാത് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സങ്കേതങ്ങളിലെത്തി അവരുടെ സാന്നിദ്ധ്യത്തിൽ വിപുലമായ ഊരുകൂട്ടം ചേർന്ന് ടി സങ്കേതങ്ങളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ തീരുമാനി ക്കുകയും, ടി പദ്ധതികൾ ആവിഷ്ക്കരിച്ച് അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കുകയാണ് ചെയ്യുന്നത്. അവ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ ജില്ലതിരിച്ചുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

അനുബന്ധം

1.എ. തിരുവനന്തപുരം ജില്ലയിലെ ഇയ്യക്കൊടു, കല്ലണ,ചെന്നെല്ലി മൂടു, മുത്തിപ്പാറ എന്നീ സങ്കേതങ്ങളിൽ ഹാംലറ്റു ഡവലപ്പ്മെൻറ് പദ്ധതി നിർവ്വഹണം പൊതുമരാമത്തു വകുപ്പിനെ ഏൽപ്പിച്ചു ഒരു കോടി രൂപ മാറി നൽകി. വർക്കു ടെന്റർ ചെയ്യുന്നതിനു നട പടി സ്വീകരിച്ചു വരുന്നു.

ബി. തിരുവനന്തപുരം ജില്ലയിലെ പൊടിയ്ക്കാല സങ്കേതത്തിൽ നിർവ്വഹണ ഏജൻസി യായ PWD തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റു ജില്ലാ വർക്കിംഗ് ഗ്രൂപ്പിനു അംഗീകാര ത്തിനു നൽകി

2. കൊല്ലം ജില്ലയിലെ മുളളുമല പട്ടികവർഗ്ഗ സങ്കേതത്തിൽ നിർവ്വഹണ ഏജൻസിയായ FIT ആലുവ തയ്യാറാക്കിയ പ്രോജക്ടുകൾ ജില്ലാവർക്കിംഗ് ഗ്രൂപ്പു അംഗീകരിച്ചു പദ്ധതി നിർവ്വഹണത്തിന് നടപടി സ്വീകരിച്ചു.

3. ആലപ്പുഴ ജില്ലയിലെ കുമാരപുരം സങ്കേതത്തിൽ, കേരള സംസ്താന നിർമ്മിതികേന്ദ്രം തയ്യായാക്കിയ പ്രോജക്ടുകൾക്കു അംഗീകാരം നൽകുന്നതിനു 23/1/14 നു ജില്ലാതല വർക്കിംഗ് ഗ്രൂപ്പു ചേരുന്നു.

4. പത്തനംതിട്ടജില്ലയിലെ നാറണാംമൂഴി സങ്കേതത്തിൽ 80 ലക്ഷം രൂപയുടെ പ്രോജക്ടു അംഗീകരിച്ചു. ആദ്യഗഡുവായ 20 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനു നൽകി. പദ്ധതി നിർവ്വഹണ നടപടി ആരംഭി ച്ചു.

5. കോട്ടയംജില്ലയലെ മുരിയ്ക്കുംവയൽ സങ്കേതത്തിന്റെ വികസനത്തിനുളള പ്രോജക്ടു കൾ ജില്ലാതലവർക്കിംഗ് ഗ്രൂപ്പു അംഗീകരിച്ചു. നിർവ്വഹണ ഏജൻസിയായ PWD യ്ക്കു തുക മാറി നൽകുന്നതിനു നടപടി സ്വീകരിച്ചു.

6. ഇടുക്കിജില്ലയിലെ വത്സപ്പെട്ടി സങ്കേതത്തിൽ വനം വകുപ്പും KAICO യുമാണ് നിർവ്വഹണ ഏജൻസികൾ വനംവകുപ്പുമുഖേന നടപ്പാക്കുന്ന 45 ലക്ഷം രൂപയുടെ പ്രോജക്ടിനു തുക മാറി നൽകി KAICO വഴിയ്ക്കുളള പ്രോജക്ടിന്റെ 25 % 14.04 ലക്ഷം രൂപയും മാറി നൽകി. പദ്ധതി നിർവ്വഹണ നടപടി ആരംഭിച്ചു.

7. തൃശ്ശൂർ ജില്ലയിലെ മണിയൻകിണർ സങ്കേതത്തിൽ നിർവ്വഹണഏജൻസിയായ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ എസ്റ്റിമേറ്റനുസരിച്ചു ഭവന നിർമ്മാണത്തിനു 6.90 ലക്ഷം രൂപയും വീടുറിപ്പയറിന് 2.35 ലക്ഷം രൂപയുമായതിനാൽ അംഗീകാരം ലഭിച്ചില്ല. പകരം KAICOയെ ഏജൻസിയായി നിശ്ചയിച്ചു പുതുക്കിയ എസ്റ്റിമേറ്റു തയ്യാറാക്കി വരുന്നു.

8. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലെ വടക്കേകടമ്പാറ ഊരിൽ നിർവ്വഹണ ഏജൻസിയായ FIT ആലുവ, MOU വച്ചു 25 % തുക മാറി നൽകി. നിർവ്വഹണ നടപടി സ്വീകരിച്ചു.

9. എ. മലപ്പുറം ജില്ലയിലെ ചാലിയാർ പഞ്ചായത്തിലെ പെരുവാമ്പാടം സങ്കേതത്തിൽ ജില്ലാ നിർമ്മിതി എസ്റ്റിമേറ്റു എടുത്തു വരുന്നു

ബി. മലപ്പുറം ജില്ലയലെ നിലമ്പൂർ മുൻസിപ്പാലിറ്റിയിൽപ്പെട്ട പാടിക്കുന്നു സങ്കേതത്തിൽ നിർവ്വഹണഏജൻസിയായ KAICO വിനു 25% തുക മാറി നൽകി പദ്ധതി നിർവ്വഹണം ആരംഭിച്ചു.

10. കോഴിക്കോടു ജില്ലയിലെ കോടഞ്ചേരി പഞ്ചായത്തിലെ ചെമ്പുകടവു സെറ്റിൽമെന്റിൽ നിർവ്വഹണഏജൻസിയായ SIDCO യ്ക്കു 25%വും ലൈൻ ഡിപ്പാട്ടുകൾക്കു മുഴുവൻ തുകയും മാറി നൽകി. ഇ-ടെന്ററിനു നടപടി സ്വീകരിച്ചു വരുന്നു.

11.എ. വയനാടു ജില്ലയിലെ , കൽപ്പറ്റയിലുള്ള ഇടപ്പെട്ടി സങ്കേതത്തിൽ നിർവ്വഹണ ഏജൻസിയായ KLDC തയ്യാറാക്കിയ പ്രോജക്ടുകൾക്കു ഭരണാനുമതി ലഭിച്ചു. തുക മാറി നൽകുന്നതിനു ഏജൻസിയോടു MOU ഒപ്പിടുവാൻ ആവശ്യപ്പെട്ടിരിക്കുന്നു.

ബി& സി. മാനന്തവാടി താലൂക്കിലെ പനമരം സങ്കേതത്തിലും കമ്മാടി സങ്കേതത്തിലും പ്രോജക്ടു തുകയുടെ 25% വീതം നിർവ്വഹണ ഏജൻസിയായ SIDCO യ്ക്കു മാറി നൽകി. പദ്ധതി നിർവ്വഹണ നടപടി സ്വീകരിച്ചു വരുന്നു.

ഡി. സുൽത്താൻ ബത്തേരി - നിർവ്വഹണ ഏജൻസിയായ KLDC, MOU വയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

12. എ. കണ്ണൂർ ജില്ലയിലെ കണ്ണവം കോളനിയിൽ പദ്ധതി നിർവ്വഹണത്തിനു KAICO യ്ക്കു 25% തുക മാറി നൽകി.

ബി. മറ്റൊരു സങ്കേതമായ വാതിൽമടയിൽ പദ്ധതി നിർവ്വഹണത്തിനുള്ള 25% തുക മാറി നിർവ്വഹണ ഏജൻസിയായ FIT ആലുവയ്ക്കു മാറി നൽകി.

13. എ& ബി കാസർഗോഡു ജില്ലയിലെ മാവിലംകോട്ട, കപ്പള്ളി എന്നീ രണ്ടു സങ്കേതങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത് പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 32 വീടു നിർമ്മാണത്തിനും 4 വീടു റിപ്പയറിംഗിനുമുള്ള 84 ലക്ഷം രൂപ മാറി നിർവ്വഹണ ഏജൻസിയായ കാസർഗോഡു ജില്ലാ നിർമ്മിതികേന്ദ്രത്തിനു നൽകി. മറ്റു പ്രോജക്ടുകൾക്കു എസ്റ്റിമറ്റു തയ്യാറാക്കി വരുന്നു.

പദ്ധതി നിർവ്വഹണ പുരോഗതി വലയിരുത്തുന്നതിനു 17/1/14 ബഹു. പട്ടികവർഗ്ഗ യുവജനക്ഷേമ, മ്യൂസിയം, കാഴ്ചബംഗ്ലാവു വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുടേയും ഐടിഡി പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർമാരുടെയും വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. നടപടി ക്രമം പൂർത്തിയാക്കി ഹാംലറ്റു വികസന പദ്ധതിയ്ക്കു അനുവദിച്ച തുകയ്ക്കുള്ള പൂർണ്ണമായ പ്രോജക്ടു തയ്യാറാക്കി നിയമാനുസൃതം 31/3/14 നകം നടപ്പാക്കി അനുവദിച്ച തുക നിർദ്ദിഷ്ഠ ആവശ്യത്തിനു വിനിയോഗിക്കണമെന്നു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.